Deepika

19 August 2018

Kochi, After Flood, Water Recedes

രക്ഷാപ്രവർത്തനം സജീവം

വെള്ളം ഇറങ്ങുന്നു; ദുരിതം തീരുന്നില്ല

പറവൂർ മേഖല ഒറ്റപ്പെട്ടു | ഭക്ഷണവും വെള്ളവും കിട്ടാതെ പതിനായിരങ്ങൾ | കിഴക്കൻമേഖലയിൽ ഗതാഗതം തുടങ്ങി

കൊച്ചി: ആറുനാൾ ജില്ലയെ പ്രളയദുരന്തത്തിലേക്കു തള്ളിയിട്ട പെരുമഴ അൽപം ശമിക്കുകയും പിടിയിടഞ്ഞിൽ വെള്ളം ഇറങ്ങിത്തുടങ്ങുകയും ചെയ്തതിന്റെ തെളിവുമാത്രമേയുള്ളൂ ജില്ല. ജില്ലയുടെ കിഴക്കൻമേഖലകളിൽനിന്നു വെള്ളം ഇറങ്ങിത്തുടങ്ങിയതായാണു റിപ്പോർട്ടുകൾ. ആലുവയെ വിഴുങ്ങിയ പ്രളയജലത്തിനും കുറവു വന്നിട്ടുണ്ട്. പെരിയാറിൽ ഒന്നരയടിയോളം ജലനിരപ്പു താഴ്ന്നു.

ആലുവ മൈപാസ് റോഡ്, ബാങ്ക് ജംഗ്ഷൻ, പാലസ് റോഡ്, സ്വകാര്യ ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽനിന്ന് വൈകിട്ടോടെ വെള്ളം ഒഴിഞ്ഞു. ഈ പ്രദേശങ്ങളിലെ വീടുകളിലേക്ക് ദുരിതാശ്വാസ കൂാമ്പുകളിൽനിന്നു ചിലർ തിരികെയെത്തിയിട്ടുണ്ട്.

അതേസമയം പറവൂർ മേഖലയിൽ ഇപ്പോഴും വെള്ളംകെട്ടിനു കുറവുണ്ടായിട്ടില്ല. വീണ്ടും ശക്തമായ മഴയുണ്ടാകുമെന്ന മുന്നറിയിപ്പിനെത്തുടർന്നു ജില്ലയിൽ റെഡ് അലർട്ട് ഇപ്പോഴും തുടരുകയാണ്.

ഇന്നലെ 11 മരണം

മഴക്കെടുതിയിൽ ഇന്നലെ മരിച്ചത് 11 പേർ. ഇതോടെ ഒരു ദിവസത്തിനുള്ളിൽ ജില്ലയിൽ മരിച്ചവരുടെ എണ്ണം 18 ആയി. അങ്കമാലി നൊർത്ത് കുത്തിയതോട് സെന്റ് തോമസ് പള്ളിയുടെ സമീപത്തുള്ള കെട്ടിടം ഇടിഞ്ഞുവീണ് ആറുപേർ ഇന്നലെ മരിച്ചു. ഇവരുടെ കുടുതൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ലെന്നു സ്ഥലം എംഎൽഎ വി.ഡി. സതീശൻ അറിയിച്ചു.

മാമ്മച്ചൻ ചാക്കോ

പറവൂർ വടക്കേക്കര കുമാരശേരി കൃഷിഭവൻ റോഡിനോടു ചേർന്നുള്ള കുടുംബവീടിന്റെ മുറ്റത്ത് കല്ലറയ്ക്കൽ സതീശൻ (65) പുഴയോപോലും മുമ്പുവരെ നായനമ്പത്തേക്ക് അലയും വെള്ളത്തിൽ റോഡിലൂടെ നടന്നുപോകുന്നതിനിടെ കുഴഞ്ഞുവീണു. പറവൂർ സുബാഷ് നഗർ-2ാം വാർഡിനു സമീപം ഒരു ബന്ധുവീട്ടിലെ വെള്ളക്കെട്ടിൽ വീണ് കൊച്ചുപറമ്പത്ത് മാമ്മുവൽ ചാക്കോയും (56) മരണമടഞ്ഞു.

കഴിഞ്ഞ 15ന് കാളിയാർ പുഴയിലെ വെള്ളപ്പൊക്കം കണ്ടു മടങ്ങവേ റോഡരികിലെ വൈദ്യുതിത്തൂണിലുണ്ടായ വെള്ളക്കെട്ടിലേക്കാണ് മാമ്മുവൽ ചാക്കോ വീണത്. അന്നു മുതൽ തെരച്ചിൽ ആരംഭിച്ചെങ്കിലും ഇന്നലെരാവിലെയാണ് മൃതദേഹം ലഭിച്ചത്. മൃതദേഹം സംസ്കരിച്ചു. ഭാര്യ: താന്നിക്കൽ കുര്യംപാഹം സാലി. മക്കൾ: സ്റ്റിനി മാമ്മുവൽ (മനോരമ ന്യൂസ്), സ്റ്റിബ്ബോ. മരുമക്കൾ: ശരത്, പൊന്നു.

മൂവാറ്റുപുഴ മേഖലയിൽ രക്ഷാപ്രവർത്തനത്തിനിടെ വെള്ളത്തിൽ കാണാതായ രണ്ടു പേരുടെ മൃതദേഹങ്ങൾ ഇന്നലെ കണ്ടുകിട്ടി. മൂവാറ്റുപുഴ കോലഞ്ചേരി കുട്ടപ്പന്റെ മകൻ ബിനു (43), വാക്കാട് താന്നിച്ചുവട്ടിൽ സണ്ണിയുടെ മകൻ അനിൽ (45) എന്നിവരുടെ മൃതദേഹമാണ് ഇന്നലെ കണ്ടുകിട്ടിയത്. ബുധനാഴ്ച രാത്രി ആശ്രമം സ്കൂൾ ബസ് സ്റ്റാൻഡിനു സമീപം രക്ഷാപ്രവർത്തനത്തിനിടെയാണ് ബിനു ഒഴുക്കിൽപ്പെട്ടത്. ഇന്നലെ രാവിലെപത്താരെ സഹപ്രവർത്തകരുടെ തിരച്ചിലിനൊടുവിൽ കണ്ടെത്തി. വ്യാഴാഴ്ച വാക്കാട്ടുള്ള വെള്ളക്കെട്ടിലാണ് അനിലിനെ കാണാതായത്. ഇന്നലെ ഉച്ചകഴിഞ്ഞ് രണ്ടോടെ വാക്കാട് പള്ളിക്ക് സമീപത്തുനിന്ന് അനിലിന്റെ മൃതദേഹം കണ്ടുകിട്ടി.

ബോട്ടുകളിൽ ഭക്ഷണവിതരണം

പതിനായിരത്തിലധികം വീടുകൾ ഇപ്പോഴും വെള്ളത്തിലാണ്. റോഡുകളൊക്കെ വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതിനാൽ ഈ പ്രദേശങ്ങളിലേക്ക് എത്താൻ കഴിയുന്നില്ല. നാവിക സേനയുടെയും കോസ്റ്റ് ഗാർഡിന്റെയും ഹെലികോപ്ടറുകളിലും മത്സ്യബന്ധന ബോട്ടുകളിലുമാണ് ഇപ്പോൾ ഭക്ഷണം എത്തിച്ചുകൊണ്ടിരിക്കുന്നത്. ആലുവയിലെ പ്രധാന മുതിരാശ്രമം കൂാമ്പായ യുസി കോളജ് വെള്ളത്താൽ ഒറ്റപ്പെട്ട നിലയിലാണ്. ഉൾപ്രദേശങ്ങളിലെ കൂാമ്പുകളിൽ വെള്ളം കയറിയതിനെത്തുടർന്നു ദുരിതബാധിതരെ ഇവിടേക്ക് മാറ്റിയതാണ്. പതിനായിരത്തിലേറെ ആളുകളാണ് കൂാമ്പിൽ കഴിയുന്നത്. ഇവിടേക്കുള്ള റോഡുകൾ വെള്ളത്തിലായിട്ടുള്ളതിനാൽ ഇവർക്കെത്തുള്ള ഭക്ഷണവും വെള്ളവും എത്തിക്കാനാകുന്നില്ല. വാടർ അതോറിറ്റി വലിയ കാനുകളിൽ വെള്ളം നിറച്ചു വച്ചിട്ടുണ്ടെങ്കിലും കൂാമ്പുകളിലേക്ക് എത്തിക്കാനുള്ള ബോട്ട് സൗകര്യം ഒരുക്കിയിട്ടില്ല. രണ്ടു ദിവസമായി മോറിനിൽക്കുന്ന മഴ വീണ്ടും ശക്തിപ്രാപിച്ചാൽ കൊറേക്കണി, ഇടമലയാർ ഡാമുകൾ കൂടുതൽ തുറക്കേണ്ടി വരും. അതോടെ വെള്ളം ഇറങ്ങിയ സ്ഥലങ്ങളിൽ വീണ്ടും പ്രളയമെത്തുമെന്ന ഭീതിയും നിലനിൽക്കുന്നു.

വാഹനഗതാഗതം തുടങ്ങി

കെഎസ്ആർടിസിയുടെ നിർത്തിയ സർവീസ് ഭാഗികമായി ആരംഭിച്ചെങ്കിലും തൃശൂർ ഭാഗത്തേക്കുള്ള ഇന്നലെയും പുനഃസ്ഥാപിക്കാനായില്ല. കോട്ടയം വഴിയുള്ള തിരുവനന്തപുരം സർവീസുകൾ പരുമലയിൽ അവസാനിപ്പിക്കുകയാണ്.

എറണാകുളം ഡിപ്പോയിൽനിന്നു ജില്ലയ്ക്കു പുറത്തേക്കുള്ള 105 സർവീസുകളിൽ അൻപതോളം സർവീസുകൾ മാത്രമാണ് ഇന്നലെ നടത്തിയത്. നിലവിൽ ആലുവ വഴിയുള്ള സർവീസുകൾ തടസമില്ല. ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇന്നലെ 26 ബസുകൾ വിട്ടുനൽകി.

കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ ഗതാഗതം പുനഃസ്ഥാപിച്ചു. പെരുമ്പാവൂർ, മൂവാറ്റുപുഴ മേഖലകളിലും റോഡ്ഗതാഗതം പുനഃസ്ഥാപിച്ചിട്ടുണ്ട്. പെരുമ്പാവൂർ ആലുവ റൂട്ടിൽ കെഎസ്ആർടിസി ബസ് സർവീസ് പുനരാരംഭിച്ചു. മൂവാറ്റുപുഴ മേഖലയിലും സ്വകാര്യ ബസുകൾ സർവീസ് തുടങ്ങിയിട്ടുണ്ട്. എന്നാൽ എംസി റോഡിൽ ഗതാഗതം പൂർണതോതിൽ പുനഃസ്ഥാപിക്കാനായിട്ടില്ല. കോതമംഗലത്ത് ഗതാഗത തടസം നീങ്ങിയതോടെ കെഎസ്ആർടിസി, സ്വകാര്യ ബസ് സർവീസുകൾ ഇന്ന് പുനരാരംഭിക്കും.

ഊന്നമേഖലകളിൽ കൈപ്പും വ്യാപാരസ്ഥാപനങ്ങളുമൊക്കെ തുറന്നു പ്രവർത്തിക്കുന്ന ലോലിക്കര തുടങ്ങി ഉയർന്നസ്ഥലങ്ങളിലുള്ള വീടുകളിൽനിന്നൊക്കെ വെള്ളം ഇറങ്ങിയിട്ടുണ്ടെങ്കിലും താഴ്ന്ന പ്രദേശങ്ങൾ വെള്ളംകെട്ടിൽതന്നെയാണ്. ഇന്നും മഴ മാറിനിന്നാൽ കിഴക്കൻമേഖല വെള്ളക്കെട്ട് പടിയിൽനിന്നു മോചനം നേടുമെന്നാണു വിലയിരുത്തൽ. ജില്ലയിലെ പ്രധാന അണക്കെട്ടുകളായ ഇടമലയാർ, ഭൂതത്താൻകെട്ട് ഡാമുകളിലെ ജലനിരപ്പ് കുറഞ്ഞിട്ടുണ്ട്. ഇടമലയാറിന്റെ നാല് ഷട്ടറുകളും ഇന്നലെ ഒരു മീറ്ററാക്കി താഴ്ത്തി. 400 ഘനയടി വെള്ളം മാത്രമാണ് ഇപ്പോൾ പുറത്തേക്കു വിടുന്നുള്ളൂ. ഭൂതത്താൻകെട്ട് ഡാമിന്റെ ജലനിരപ്പ് ആദ്യമായി കുറഞ്ഞിട്ടുണ്ട്.

പറവൂർ ഇപ്പോഴും വെള്ളത്തിൽ

കിഴക്കൻ മേഖലയിൽനിന്ന് ഒഴിവാകുന്ന വെള്ളം പറവൂർ, ഏലൂർ മേഖലകളിൽ കൂടുതൽ ദുരിതത്തിലാക്കി. ഇപ്പോൾ പ്രളയക്കെടുതി ഏറെ ബാധിച്ചിരിക്കുന്നത് പെരിയാർ ഒഴുകിയെത്തുന്ന തീരദേശങ്ങളിലാണ്. പറവൂരിന്റെ എല്ലാ സ്ഥലങ്ങളിലും വെള്ളം മൂടിക്കിടക്കുകയാണ്. ആളുകളൊക്കെ ദുരിതാശ്വാസ കൂാമ്പുകളിലാണ്.

ആയിരക്കണക്കിന് ആളുകൾ ഇപ്പോഴും പലസ്ഥലങ്ങളിലും ഒറ്റപ്പെട്ടുകിടക്കുന്നു. ഇവരെ രക്ഷിച്ച് സുരക്ഷിത സ്ഥലങ്ങളിലേക്കു മാറ്റാനുള്ള തീവ്രശ്രമത്തിലാണ് രക്ഷാപ്രവർത്തകർ. വീടിന്റെ രണ്ടാം നിലയിലും ടെറസിലുമൊക്കെ അഭയം തേടിയവർ ഇപ്പോഴും രക്ഷയ്ക്കായി വിളിച്ചുകൊണ്ടിരിക്കുകയാണ്. വാഹനങ്ങൾക്കും വള്ളങ്ങൾക്കും അഭാവമുള്ളതുകൊണ്ട് എത്താനാകാത്തതിനാൽ രക്ഷാപ്രവർത്തനം പൂർണതോതിലാക്കാൻ കഴിഞ്ഞിട്ടില്ല. പരിമിതമായ സൗകര്യങ്ങൾ മാത്രമേ പറവൂർ മേഖലയിൽ രക്ഷാപ്രവർത്തകർക്കുള്ളൂ. ഇന്നലെ രാവിലെ മുതൽ ഹെലികോപ്ടറുകളിലും ബോട്ടുകളിലുമുള്ള രക്ഷാപ്രവർത്തനം നടന്നു. ഒട്ടനവധി പേരെ ഹെലികോപ്ടറുകളിൽനിന്നും വീടുകളിൽ നിന്നും രക്ഷിച്ചു കൂാമ്പുകളിൽ എത്തിച്ചിട്ടുണ്ട്. ഒഴുക്ക് കൂടുതലായതിനാൽ മുപ്പത്തടം, കടമ്പല്ലൂർ, ഏലൂർ മേഖലകളിൽ രക്ഷാപ്രവർത്തനം പ്രതിസന്ധിയിലായി.

നിറഞ്ഞൊഴുകുന്ന പെരിയാറിലൂടെ വൈപ്പിനിൽനിന്ന് ഏലൂർ ഭാഗത്തേക്ക് രക്ഷാപ്രവർത്തനത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികളുടെ ബോട്ട്. പാതാളം പാലത്തിൽ നിന്നുള്ള ദൃശ്യം. - അഖിൽ പുരുഷോത്തമൻ